**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3339** **01-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണത്തിനായി ഏകീകൃത മാർഗ്ഗരേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലയോര, ആദിവാസി മേഖലകളിലെ പട്ടയ വിതരണത്തിനായി ഏകീകൃത മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (എ) | മലയോര, ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിനുവേണ്ടി പ്രത്യേക മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. 1980 കേന്ദ്ര വന നിയമ പ്രകാരം 1993 ലെ പ്രത്യേക ചട്ടങ്ങൾ പ്രകാരം വനഭൂമിയിലെ കുടിയേറ്റം ക്രമവൽക്കരിച്ചു നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യവുമാണ്. ഇതിനായി റവന്യൂ-വനം വകുപ്പുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി അർഹരായ അപേക്ഷകരുടെ വിശദാംശങ്ങൾ സഹിതം നിശ്ചിത ഫാറത്തിൽ ഓൺലൈനായി കേന്ദ്ര സർക്കാരിൽ അപേക്ഷ സമർപ്പിക്കണം. തുടർന്ന് കേന്ദ്ര അനുമതി ലഭിച്ച ശേഷം ഭൂമി കൈവശത്തിന്റെ അടിസ്ഥാനത്തിൽ സർവ്വെ ചെയ്ത് പട്ടയം അനുവദിക്കും. ഇത്തരത്തിൽ കേന്ദ്ര അനുമതി ലഭിച്ച കേസുകളിൽ സർവ്വെ എത്രയും പെട്ടെന്ന് പൂർത്തിയാക്കി പട്ടയം നൽകുക, ജോയിന്റ് സർവ്വെ നടത്തി കേന്ദ്ര സർക്കാരിന്റെ അനുമതിക്കയച്ച കേസുകളിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഇനിയും ജോയിന്റ് സർവ്വെ നടത്താനുള്ള സ്ഥലങ്ങളിൽ വനം വകുപ്പിന്റെ സഹകരണത്തോടെ സർവ്വെ പൂർത്തീകരിക്കുക, പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക എന്നിങ്ങനെയുള്ള കാരണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഒരു ഏകീകൃത മാർഗ്ഗരേഖയാണ് തയ്യാറാക്കിയിട്ടുള്ളത്.<br><br>1960 ലെ കേരള ഭൂ പതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993 ലെ കേരള ഭൂമി പതിച്ചു നൽകൽ (പ്രത്യേക ചട്ടങ്ങൾ), 2001 ലെ കേരള ഗവൺമെന്റ് ഭൂമി പട്ടികവർഗ്ഗങ്ങൾക്ക് പതിച്ചു നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971 ലെ |

| | | | |
|---|---|---|---|
| | | | കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ചു നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടികവർഗ്ഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇതുകൂടാതെ കേന്ദ്ര നിയമമായ വനാവകാശ നിയമ പ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വിലയ്ക്ക് വാങ്ങി നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമ പ്രകാരം വിവിധ ജില്ലകളിലായി 1369 പേർക്ക് 166.04 ഏക്കർ ഭൂമിയുടെ അവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 198 ഗുണഭോക്താക്കൾക്ക് 38.72 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യാൻ കേന്ദ്രാനുമതി ലഭിച്ച 7693.223 ഹെക്ടറിൽ 5190.2627 ഹെക്ടർ വനം വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതും 1988.6507 ഹെക്ടർ ഗുണഭോക്താക്കൾക്കു (പട്ടികവർഗ്ഗക്കാർ ഉൾപ്പെടെ) അനുവദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ